**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2365

13.02.2013-ലെ മറുപടിയ്ക്ക്

## നിക്ഷേപ ഗ്യാരന്റി ബോർഡ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.ദാസൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| നിക്ഷേപ ഗ്യാരന്റി ബോർഡിന്റെ പ്രവർത്തനവും ഉദ്ദേശ്യ ലക്ഷ്യങ്ങളും വ്യക്തമാക്കാമോ? | പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിൽ ഒരു നിക്ഷേപകൻ നിക്ഷേപിക്കുന്ന, നിക്ഷേപങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപ വരെ ഗ്യാരന്റി നൽകുക എന്നതാണ് നിക്ഷേപ ഗ്യാരന്റി സ്കീമിന്റെ ലക്ഷ്യം. ഇപ്രകാരം നിക്ഷേപങ്ങൾക്ക് ഗ്യാരന്റി നൽകുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് ഒരു കോർപസ്സ് ഫണ്ട് രൂപീകരിക്കുന്നതാണ്. നിക്ഷേപം സ്വീകരിക്കുന്ന വായ്പ സഹകരണ സംഘങ്ങളിലെ ഓരോ 100 രൂപ നിക്ഷേപത്തിനും 10 പൈസ വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ വിഹിതമായി കോർപസ് ഫണ്ടിലേക്ക് അടക്കേണ്ടതാണ്. കൂടാതെ സർക്കാരിനും |

ആവശ്യമാണെങ്കിൽ ടി ഫണ്ടിലേക്ക് സർക്കാർ വിഹിതം നൽകാവുന്നതാണ്. ഇപ്രകാരം സ്വരൂപിക്കുന്ന കോർപസ് ഫണ്ട് ജില്ലാ സഹകരണ ബാങ്കുകളിലോ ഗവൺമെന്റ് ട്രഷറിയിലോ കൂടുതൽ പലിശ കിട്ടുന്ന പ്രത്യേക നിക്ഷേപമായി നിക്ഷേപിച്ച് ടി ഫണ്ട് നിക്ഷേപ ഗ്യാരന്റി നൽകുന്നതിനു മാത്രമായി വിനിയോഗിക്കുക എന്നത് ബോർഡിന്റെ പ്രവർത്തന ലക്ഷ്യത്തിൽപ്പെടുന്നു. കൂടാതെ ടി ഫണ്ട് സ്വരൂപിക്കുന്നതിനും ഫലപ്രദമായി വിനിയോഗിക്കുന്നതിനുമായി സബ്സിഡിയറി ചട്ടങ്ങൾ നിർമ്മിക്കുക, ടി സ്കീമിൽ അംഗങ്ങളെ ചേർക്കുക, അംഗങ്ങളിൽ നിന്നും റിട്ടേണുകൾ സ്വീകരിക്കുക, ഫണ്ട് പരിപാലനത്തിന്റെ ഭാഗമായി റിക്കാർഡുകളും രേഖകളും പരിശോധിക്കുക, ക്ലെയിം നൽകുക എന്നിവ ബോർഡിന്റെ പ്രവർത്തനത്തിൽപ്പെടുന്നു.

സെക്ഷൻ ഓഫീസർ